ആടുകൾക്കുവേണ്ടി ജീവനെ വെടിഞ്ഞതാം
ദേവാട്ടിൻകുട്ടിയെ നിനക്കനന്ത വന്ദനം

2. കാടുനീളെ ഓടി ആടലോടുഴന്നിടും
   കുഞ്ഞാടുകൾക്കഭയമാം നിൻപാദം വന്ദനം.

3. ഭീതി പോക്കി ആടുകൾക്കു മുൻനടന്നു നീ
   സംപ്രീതിയായ് നടത്തിടും കൃപയ്ക്കു വന്ദനം

4. പച്ചമേച്ചിലും പ്രശാന്ത തോയവും സദാ –
   നീ വീഴ്ചയെന്നിയേ തരുന്നതോർത്തു വന്ദനം.

5. താതപുത്രനാത്മനാം ത്രിയേക ദൈവമേ
   സർവ്വാത്മനാ നിനക്കനന്ത കീർത്തനം സദാ

**TJV**